# കിളിക്കൂട്ടം



# ഉള്ളടക്കം


- കിളിക്കൂട്ടം
- നാളെയുടെ ഭാവി
- വിദ്യാരംഗം
- കഥകളി
- പ്രളയം കെടുത്തിയ ഓണം
- ചക്ക
- കാട്ടുവനം
- ഒരു മധുര സ്നേഹം
- അറിവ്
- മഴക്കാലം
- കണ്ണീർതുള്ളിയായ മഴ
- വിത്തിടൽപ്പാട്ട്
- കുഞ്ഞുമൈന
- സാധ്യമെങ്കിൽ
- പൂപ്പുഞ്ചിരി
- അമ്മതൻ സ്നേഹമേ പ്രണാമം
- സൗഹൃദത്തോണി
- അച്ചടക്കം

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അർജ്ജുൻ കൃഷ്ണ

അസിസ്റ്റൻറ് എഡിറ്റർ : റിജ്ജു വി എ

രൂപകൽപന : മിഥുൻ കെ ആർ




# കിളിക്കൂട്ടം

ഈ ഹൈടെക് യുഗത്തിൽ ഐടി മേഖലയോട് കൂടുതൽ ആഭിമുഖ്യം കാണിച്ച് തങ്ങളിൽ ഒളിഞ്ഞു കിടന്നിരുന്ന കഴിവിനെ മിനുക്കി പരിപോഷിപ്പിച്ച് സ്വയം വിജ്ഞാനങ്ങ ളായി മാറിയ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും അവർക്ക് മാർഗ്ഗദർശികളായി മാറിയ അധ്യാപകർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.



# കിളിക്കൂട്ടം

മനസ്സിൽ മണിചിപ്പിക്കുള്ളിൽ

ഉറങ്ങി കിടന്നിരുന്ന

നൈസർഗ്ഗിക മുത്തുകളെ

മാണിക്യമാക്കുന്ന

സെൻറ് ജോസഫ്സ് ചാത്യാത്തിൻറെ

എളിയ ഉപഹാരം....



....................കിളിക്കൂട്ടം....................

# <u>നാളെയുടെ ഭാവി</u>

**കുഞ്ഞുമനസിലെ ഭാവനയ്ക്ക്**
**അനന്തവിഹായസ്സിലേക്ക്**
**പറന്നുയരാൻ ചിറകു**
**നൽകിയ വിദ്യാരംഗം**
**കലാസാഹിത്യ വേദിയുടെ**
**കിളിക്കൂട്ടം കൈയെഴുത്ത്**
**മാസികയ്ക്ക് ഒരായിരം**
**ആശംസകൾ അതോടൊപ്പം**
**ഇതിനു പിന്നിൽ പ്രവർത്തിച്ച്**
**അധ്യാപകർക്കും വിദ്യാർത്ഥികൾക്കും**
**അഭിനന്ദനങ്ങളും നേരുന്നു**



**വിദ്യാർത്ഥികളുടെ കഴിവുകളെ**

**എക്കാലവും പരിപോഷിപ്പിക്കുന്ന**

**വിദ്യാരംഗം കലാസാഹിത്യവേദിയ്ക്ക്**

**എല്ലാവിധ ആശംസകളും നേരുന്നു**



# കഥകളി



കേരളീയ ദൃശ്യകലയാണ് കഥകളി. ആട്ടം, പാട്ട് , അഭിനയം, വാദ്യം, സാഹിത്യം, ചിത്രകല മുതലായവ മിക്ക അടിസ്ഥാനകലകളും ഇതിൽ ചേർന്നിട്ടുണ്ട്. പച്ച, കത്തി, കരി, താടി, മിനുക്ക്, എന്നിങ്ങനെ പ്രധാനമായും അഞ്ചു വിഭാഗമായി കഥകളി വേഷങ്ങളെ തരം തിരിച്ചിരിക്കുന്നു. വള്ളത്തോളി ലൂടെയും കേരള കലാമണ്ഡലത്തിലൂടെയും ലോക മെങ്ങും പ്രശ്സതി ആർജ്ജിച്ചുകഴിഞ്ഞ ഒരു കലയാണ് കഥകളി.

# പ്രളയം കെടുത്തിയ ഓണം

ഓണക്കാലം അടുത്തു വരുകയാണ്. ലക്ഷ്മി തിരുവോണത്തിന് ഉടുക്കുവാനായ് പട്ടുപാവാടയും ബ്ലൗസും തയ്ക്കുകയാണ് . പെട്ടെന്ന് അപ്പുറത്തെ വീട്ടിലെ അമ്മുമൊൾ ഓടിവന്ന് പറഞ്ഞു . ചേച്ചി അച്ചുവിൻെറ വീട്ടിലെ വെള്ളം കയറി . അവർ ബന്ധുവിൻെറ വീട്ടിലെക്ക് മാറി . വെള്ളം കയറിയതിൻെറ കാരണം എന്തെന്ന് അറിയുവാൻ പലരോടും ചോദിച്ചു . ആർക്കും തന്നെ അറിയില്ല . അവൾ ടിവി കാണുവാനായ് ഇരുന്നു . ചാനലുകൾ മാറ്റി മാറ്റി നോക്കി, അപ്പോൾ വാർത്താചാനലിൽ ഒരു പ്രധാന വാർത്ത , കേരളത്തിൻെറ പലയിടങ്ങളിലും ഡാമുകളുടെ ഷട്ടർ വെള്ളം കുടിയതിനാൽ തുറന്നിട്ടിരിക്കുന്നു . അതിനാൽ എല്ലായിടത്തും പ്രളയം.

അതുകൊണ്ട് എല്ലാവരും ബന്ധുവീടുകളിലും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മാറിയിരിക്കുന്നു. നമ്മുടെ ഇവിടെയും വെള്ളം കയറുമോ അവൾ അമ്മയോട് ചോദിച്ചു. ഇവിടേക്കൊന്നും വരില്ല , അമ്മ പറഞ്ഞു. അത്താഴമൊക്കെ കഴിഞ്ഞ് അവൾ മുറിയിലേക്ക് പോയി. പാതിരയായപ്പോൾ പലരും അവളുടെ അമ്മയുടെ മൊബൈലിലേക്ക് വിളിച്ചു , അവിടേയും വെള്ളം കയറും ഞങ്ങളുടെ വീട്ടിലെക്ക് പോന്നോളൂ എന്നും പറഞ്ഞ് അവർ വിളിച്ചു. പക്ഷെ

അവരതൊന്നും മൈൻഡ് ചെയ്തില്ല. പിറ്റേ ദിവസം രാവിലെ അവൾ പതിവുപോലെ പ്രഭാതകർമങ്ങളൊക്കെ കഴിഞ്ഞ് ഭക്ഷണം എല്ലാം കഴിച്ച് അവൾ കളിക്കുവാൻ ഇറങ്ങി. അമ്മുമോളുടെ വീട്ടിൽ നിറയെ ആൾക്കൂട്ടം. അത് അവളുടെ ബന്ധുക്കളാണ്. അവരുടെ എല്ലാ വീടുകളിൽ വെള്ളം കയറിയതിനാലാണ് അവരെല്ലാം ഇവിടെ വന്നിരിക്കുന്നത്. അന്ന് അവളുടെ കളി

മുടങ്ങി. രാത്രിയായി, അപ്പോഴാണ് അവൾ ഓർത്തത് നാളെ തിരുവോണമാണ് പട്ടുപാവാട തയ്ച്ചുകഴിഞ്ഞിട്ടില്ല. വേഗം തന്നെ അവൾ ധൃതി പിടിച്ചു തയ്ച്ചു. എന്നിട്ട് സമാധാനത്തോടെ കിടന്നുറങ്ങി. പിറ്റേ ദിവസം രാവിലെ എഴുന്നേറ്റപ്പോൾ ഇന്നലെ മുറ്റത്തിട്ട പൂക്കളം വെള്ളത്തിൽ ഒഴുകി നടക്കുന്നു. അവൾക്ക് സങ്കടമായി അവർ വേഗം തന്നെ ക്യാമ്പിലേക്ക് മാറി. അങ്ങനെ അവൾ ഒരുക്കിവച്ച എല്ലാം അതോടെ നാശമായി.



# ചക്ക

ചക്കക്കുള്ളിൽ എന്തുണ്ട്
ചക്കരമധുരച്ചുളയുണ്ട്
ചക്കച്ചുളയിൽ എന്തുണ്ട്
ചക്കച്ചുളയിൽ കുരുവുണ്ട്
ചക്കക്കുരുവിൽ എന്തുണ്ട്
ചക്ക തരുന്നൊരു പ്ലാവുണ്ട്



# കാട്ടുവനം

കാട്ടുവനം മലകല്ലുമരം
പൂവിവാടി വിറച്ചിടവേ

കാറ്റിനും നിറ്റിനും ഊറ്റമിന്നൽ
കടിഞ്ഞാണമിളക്കീടവേ

കുത്തുകൾ വൊട്ടുകൾ നീട്ടൊട്ടു
മോട്ടു പൊഴുത്തു തുടങ്ങിടലായ്

കട്ടിയിൽ വൊട്ടുകൾ തട്ടിലാറും
ചിലർ ഞെട്ടി ഉണർന്നിടലും

ചത്തിടലും, കുബിർ തത്തിടലും
ചിലർ എത്തിടലും പടയിൽ



# <u>ഒരു മധുരസ്നേഹം</u>

കുഞ്ഞിനെ താരാട്ടു പാട്ടുപാടി ഉറക്കുന്ന

അമ്മയാണല്ലോ  സ്നേഹം

തെറ്റു കണ്ടിട്ടു ചിരിച്ചു കളയുന്ന

അച്ഛനാണല്ലോ  സ്നേഹം

തല്ലു പിടിച്ചിട്ടും പിണങ്ങാത്ത

സഹോദരങ്ങളാണല്ലോ സ്നേഹം

അക്ഷരം പകർന്നുതരുന്ന

ഗുരുക്കൻമാരാണല്ലോ .... സ്നേഹം

ഈ ജിവിതം തന്നോരു മഹാനായ

ദൈവമാണല്ലോ സ്നേഹം

കൂട്ടുകാരന് ചങ്കുപറിച്ചുകൊടുക്കുന്ന

കൂട്ടുകാരനാണ് സ്നേഹം

നല്ലതു മാത്രം തരുന്ന

പ്രപഞ്ജമാണല്ലോ സ്നേഹം



# അറിവ്

സ്നേഹമെന്താണെന്നറിയാതെ
ലോകം അന്ധകാരത്തിലേക്ക് താഴുന്നു
യഥുർത്ഥ സ്നേഹം മനസ്സില്ലാക്കിയ
വ്യക്തികൾ രക്ഷപ്രാപിച്ചു ,
മാതാപിതാക്കൾ നമുക നൽകുന്ന
സ്നേഹം നമ്മൾ മനസ്സിലാക്കണം ,
അമ്മ വാത്സല്യത്തോടെ നൽകുന്ന
ഭക്ഷണത്തിന്റെ സ്വാദ് നമ്മളറിയണം ,
അഛൻ തല്ലുന്നതിന്റെ അർത്ഥം
നമ്മൾ നന്നാവാൻ വേണ്ടിയാണ്,
അധ്യാപകൻ പറഞ്ഞുതരുന്ന
പാഠം നമ്മൾ ഉന്നതങ്ങളിലേക്ക്
ചെല്ലുവാൻ സാധ്യമാകും .
സ്നേഹമെഞെന്നറിയാതെ ലോകം
അന്ധകാരത്തിലേക്ക് താഴുന്ന ,
അമ്മയുടെ സ്നേഹവും , അഛന്റെ
സ്നേഹവും , അധ്യപകരുടെ സ്നേഹവും
സത്യമാണ്.



# മഴക്കാലം

മഴ മഴ മഴ മഴ ചാറ്റൽ മഴ
മഴ യത്തിറങ്ങുവാൻ എന്തുരസം
ചൂടിനെ തണുപ്പിച്ച്  കുളിരും കോരി
പാരിനെ തണുപ്പിക്കും ചാറ്റൽ മഴ
മഴ മഴ മഴ മഴ പേ മഴ
പാരിനെ വിറപ്പിച്ച്  നാടിനെ വിറപ്പിച്ച്
മനുഷ്യനെ കണ്ണിരിലാഴ്ത്തും ഈ പേ മഴ



# കണ്ണുനീർതുള്ളിയായ മഴ

മഴ തോരാതെ പെയ്യുകയാണ്... അമ്മുവിൻെറ കുഞ്ഞുവീട് പാതിയോളം മുങ്ങിയിരിക്കുകയാണു. അമ്മയുംഅമ്മുവുംപേടിച്ചിരിക്കുകയാണ്. അച്ഛൻ ഒരു മത്സ്യത്തൊഴിലാളിയാണ് കഷ്ടപ്പെട്ട് പണിയെടുത്താണ് അവർ ജിവിതം മുന്നോട്ടുകൊണ്ട് പോകുന്നത് കടലിൽ മീൻ പിടിക്കാൻ പോയ അച്ഛനെയോർത്ത് അവർ വിഷമിക്കുകയാണ്. അമ്മു പെട്ടന്ന് പുറത്തോട്ട് ഇറങ്ങി നോക്കിയപ്പോൾ വീടിൻെറ ചുമരിൻെറ പകുതിയോളം അടർന്ന് താഴെ വീണിരിക്കുന്നു. അമ്മുവിൻെറ പൂന്തോട്ടവും മനോഹരമായ അതിലെ പുഷ്പ്പങ്ങളും എല്ലാം നശിച്ചുപോയിരിക്കുന്നു. ആ ചെടികളെ നോക്കി അവൾ ഹൃദയവേദനയോടെ നിന്നു. കാറ്റും മഴയും കൂടി വന്നപ്പോൾ, അമ്മ അവളോട് പറഞ്ഞു:- മോളെ ഇനി നമ്മൾ ഇവിടെ നിൽക്കുന്നത് ശരിയല്ല. നമുക്ക് അപകടം സംഭവിക്കും, ആവശ്യമുള്ളതെഞ്ഞെന്നുവച്ചാൽ വേഗം എടുക്ക്.



# വിത്തിടൽപ്പാട്ട്

നമ്മുടെ കണ്ടത്തിചങ്കുകണ്ടത്തി
നാളെ നമുക്കൊരു വിത്തിടീലുണ്ടേ
നീലിയും തേനിയും കൊച്ചമ്മയും നാണീം
ചങ്കുകണ്ടത്തിന്റെ ചന്തം കണ്ടമ്മോ
അന്തികും മോന്തിക്കും ചങ്കുകണ്ടത്തി
തങ്കച്ചിലങ്ക കിലുക്കും പെണ്ണാളെ
ചങ്കുകണ്ടത്തിൻമടിത്തട്ടിച്ചെന്നാ തങ്കം
കൊണ്ടുള്ള ചെലങ്കയുണ്ടമ്മോ...
അരയരയോ കിങ്ങിണിയരയോ
നമ്മക്കണ്ടം കാരക്കണ്ടം
കാരക്കണ്ടം കാരക്കണ്ടം
കാരക്കണ്ടം നട്ടീടുവാൻ
അരയരയോ കിങ്ങിണിയരയോ
ഒരായിരം കാളേം വന്ന്
ഒരായിരം ആളും വന്ന്
ഒരായിരം വെറ്റ കൊട്ടുത്ത്
അരയരയോ കിങ്ങിണിയരയോ
വെള്ളിക്കൊണ്ട് വെള്ളി നുകം
പൊന്നുക്കൊണ്ട് പൊൻകലപ്പ
ഈയ്യം കൊണ്ട് ഈയ്യക്കോല്
അരയരയോ കിങ്ങിണിയരയോ



# കുഞ്ഞുമൈന

*സൂര്യൻെറ മുഖം ചുവന്നു.നേരം ഒരു പാടായി അമ്മ*

*കിളിയെ കാണതെ കുഞ്ഞികിളികൾ ബഹളം കൂട്ടി*

*എന്താ അമ്മ വരാത്തത് എന്താ അമ്മ വരാത്തത്*

*വിശന്നെട്ടു വയ്യ ഓരോ കിളിക്കുഞ്ഞും ഇത് തന്നെ*

*പറഞ്ഞു കൊണ്ടിരിക്കുന്നു ദൂരെ ആകാശത്ത് ഒരു*

*കിളിക്കൂട്ടം നീങ്ങി നീങ്ങി വരുന്നത് കുഞ്ഞിക്കിളിക്കൾ*

*കണ്ടു ഹായ് അമ്മ എത്തി കുഞ്ഞുങ്ങൾ വീണ്ടും ബഹളം കൂട്ടി*

*മൈനക്കുഞ്ഞ് കരഞ്ഞ് കരഞ്ഞ് തളരാറായിട്ടുണ്ട് അവർ*

*അങ്ങനെയാണ് അമ്മ കിളി*

*വരാൻ വൈകിയാൽ ഉടനെ തുടങ്ങും കരയാൻ പിന്നെ*

*ആരു പറഞ്ഞാലും നിർത്തില്ല അമ്മക്കിളിയുടെ കൊക്കിലെ പഴുത്തു*

*തുടുത്ത അത്തിപ്പഴം കുഞ്ഞ് മൈനയെ കണ്ടു അവർ കൊക്ക് പിളർ*

*ത്തി അപ്പോഴാണ് മുകളിലത്തെ ഉറക്കെയുള്ള കരച്ചിൽ കേട്ടത്  ആ*

*കുഞ്ഞുങ്ങളുടെ അമ്മ കിളി പറഞ്ഞു അമ്മാ അമ്മാ എൻെറ*

*അത്തിപ്പഴം അവർക്കു കൊടുതേക്ക് കുഞ്ഞ് മൈനയുടെ പറച്ചിൽ*

*കേട്ട് അമ്മ കിളി അവളുടെ നെറുകയിൽ നിറയെ ഉമ്മ വച്ചു.*



# സാധ്യമെങ്കിൽ

ചിറകടിച്ച് പറന്ന്
ആകാശ നീലിമയിൽ
അലിഞ്ഞു ചേരാൻ
സാധ്യമെങ്കിൽ...

വർണ്ണചിറക് വിടർത്തി
വിദൂരങ്ങളിൽ
വിസ്മയ ലോകത്ത്
ചെന്നെത്താൻ സാധ്യമെങ്കിൽ...

ബന്ധങ്ങളിൽ നിന്ന്
ബന്ധങ്ങളിൽ നിന്ന്
അകന്നലിഞ്ഞ്
ഇല്ലാതാകാൻ സാധ്യമെങ്കിൽ...

സ്വാതന്ത്ര്യത്തിൻ
തേനമൃത്
നുകർന്ന് പൂമ്പാറ്റ
യാകാൻ സാധ്യമെങ്കിൽ...

എത്ര സുന്ദരം
ഈ ഭുവനം
എത്ര മനോഹരം
ഈ കൊച്ചു ലോകം



# പൂപ്പുഞ്ചിരി

ചേലേറും  ചേമന്തിപ്പൂ
ചാലെ വിരിഞ്ഞൊരു തോട്ടത്തിൽ
ചേലേറുന്നൊരുടുപ്പിട്ട്
ചിത്രപതംഗം വന്നെത്തി
ഓരോ പൂവിനുമുമ്മകൊടുത്തു
അരുമയൊടവയെ കെഞ്ചിച്ചു
പുള്ളിയുടുപ്പിൻ ചന്തത്തിൽ
നൃത്തം ചെയ്തു പൂമ്പാറ്റ
പാട്ടും നൃത്തവുമായിട്ടങ്ങനെ
ശലഭം തീർക്കും പൊടിപൂരം
എല്ലാം കണ്ടു ചാഞ്ചാടീടും
പൂവിൻ ചിരിയോ ബഹുകേമം



# <u>അമ്മതൻ സ്നേഹമേ പ്രണാമം</u>

അമ്മതൻ സ്നേഹത്തിൻ മുൻമ്പിലായ്

കൂപ്പുക കുഞ്ഞിക്കൈ

അമ്മതൻ ഹൃദയമായി

മാറുക നാം

നിശതൻ ഭയത്താൽ

ഒട്ടിക്കിടക്കും അമ്മയെ

അമ്മതൻ സ്നേഹതലോടലോൽ

മയങ്ങുമി ഞാനും

അമ്മതൻ സ്നേഹമൊഴികൽ

കേട്ടിരുന്നബാല്യക്കാലം

അനുസ്മരിച്ചിടാം നമുക്ക്

ശരിയേത് തെറ്റേത്

നേരേത് നുണയെത്

ചൂണ്ടികാണിക്കുമെൻ

അമ്മ നന്മയിൽ വസിക്കുമെൻ അമ്മ

സ്നേഹമാണമ്മ അറിവാണമ്മ

അമ്മതൻ സ്നേഹമേ

പ്രണാമം പ്രണാമം..........



# സൗഹൃദത്തോണി

മഹാപ്രളയം ദുരിതം വിതച്ച ദൈവത്തിൻെറ സ്വന്തം നാട് അതിജീവനത്തിൻെറ പാതയിലായിരുന്നു നവകേരളനിർമ്മാനം ഏറെക്കുറെ പൂർത്തിയായിരിക്കുകയാണ. എന്നാൽ നവകേരള നിർമ്മാണം പൂർത്തിയാകുന്നതിനു മുൻപേ അടുത്ത മഴക്കാലം സമാഗതമായി. കഴിഞ്ഞ വർഷക്കാലത്ത് പെമാരിതകർത്തു പെയ്യുമ്പോൾ നമുക്കു ചുറ്റം വെള്ളമായിരുന്നു. എന്നാൽ അതിൽ നിന്നും ഒരു തുള്ളി വെള്ളം പോലും കുടിക്കാനോ വീട്ടാവശ്യത്തിനോ ഉപയോഗിക്കാൻ കഴിയാത്ത ഭീകരാന്തരീക്ഷത്തിലായിരുന്നു നമ്മൾ ആ സമയത്ത കേരള ജനതയ്ക്ക് കൈത്താങ്ങായി മാറിയവരാണ് നമ്മുടെ മത്സ്യബന്ധന തൊഴിലാളികൾ. അവർക്ക് സ്നേഹവും സുരക്ഷയും സൗഹൃദവും നൽകുന്ന സൗഹൃദകുട്ടായ്മയാണ് സൗഹൃദത്തോണി [MAKE FRIENDSHIP] പദ്ധതി പ്രളയനാളുകളിലെ നമമുടെ രക്ഷകരോട് അവരുടെ സ്വാർത്ഥസേവനത്തിന് ഒറ്റവാക്കിൽ നന്ദി പറയുകയാണെങ്കിൽ മതിയാകുകയില്ല. എന്ന ആളയം ഉദിച്ചത് പ്രളയത്തിൽ നളിച്ച നെയ്ത്തു ഗ്രാമമായ ചേന്ദമംഗലത്തെ അഴുക്കു പറ്റിയ കൈത്തറിത്തുണികളിൽ നിന്ന് ചേക്കുട്ടിപ്പാവയെ ഒരുക്കിയ നാഷണൽ ഇന്നോവേഷൻ കൗൺസിൽ അംഗം കൂടിയായ ലക്ഷ്മി മേനോനാണ് സൗഹൃദത്തോണി എന്ന ആശയത്തിനും തുടക്കം കുറിച്ചത്



# <u>അച്ചടക്കം</u>

ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ അച്ചടക്കം പ്രധാന പങ്ക് വഹിക്കുന്നു. ഇത് കുട്ടിയുടെ മനസ്സിലും നല്ല സ്വാധീനം ചെലുത്തുന്നു. കുട്ടികാലം മുതൽ അച്ചടക്കത്തിലൂടെ കടന്നുപോകുന്ന വ്യക്തി ഭാവിയിൽ ഒരു പരിഷ്കൃത പൗരനായി മാറുന്നു. അവൻ മാന്യമായ ജീവിതം നയിക്കുന്നു. പരിചയസമ്പന്നരായ കളിക്കാരുടെ ഒരു ടീം ടീമിലെ അച്ചടക്കമില്ലായ്മമൂലം പലപ്പോഴും മത്സരം തോൽക്കും അച്ചടക്കമുള്ള സൈന്യത്തിന് ഭയാനകമായ യുദ്ധം ജയിക്കാൻ കഴിയും.

ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ അച്ചടക്കം വളരെ പ്രധാനമാണ്. അവൻ തന്റെ അദ്ധ്യാപകരെ അനുസരിക്കണം. അവൻ സ്കൂളിലെ നിയമങ്ങൾ അനുസരിക്കണം. അവൻ അവ ലംഘിക്കുകയാണെങ്കിൽ,ഭാവിയിൽ വളരെയധികം കഷ്ടപ്പെടും. അച്ചടക്കമുള്ള വിദ്യാർത്ഥിക്ക് വിജയം നേടാൻ കഴിയും

അച്ചടക്കമാണ് വിജയത്തിന്റെ താക്കോൽ – ഈ ചോല്ല് എല്ലാ സമയത്തും എല്ലാ പ്രായത്തിലുമുള്ള ആളുകൾക്കും ശരിയും. സ്വയം അച്ചടക്കം നേടാൻ വിദ്യാർത്ഥികൾ ലക്ഷ്യമിടണം. കുട്ടിക്കാലം മുതൽ തന്നെ പഠിപ്പിക്കുകയും പരിപോഷിക്കുകയും പരിപാലിക്കുകയും ചെയ്യണ്ട അപൂർവ ഗുണമാണിത്. സ്വയം അച്ചടക്കത്തിലൂടെ ഏകാഗ്രത വരും അത് അക്കാദമിക് മികവ് കൈവരിക്കാൻ ഒരു വിദ്യാർത്ഥിയെ സഹായിക്കും.



നന്ദിയോടെ...